# ചരിത്രമുഹൂർത്തം

നമ്മുടെ ഇടവകയുടെ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിൻെറ ചരിത്രത്തിലാദ്യമായി ഇടവക പെരുന്നാളിനോട് അനുബന്ധിച്ച് പള്ളിക്കു ചുറ്റും നടത്തിയ പ്രദക്ഷിണം





# വികാരിയച്ചന്റെ സന്ദേശം

## പ്രതിദ്ധ്വനി പഠിപ്പിച്ച ജീവിതപാഠം!

ഒരിക്കൽ ഒരു പിതാവും മകനും പർവ്വതാരോഹണം നടത്തുകയായിരുന്നു. അതിനിടയിൽ ആ മകൻ കാലിടറി ഒരു കുഴിയിൽ വീണു. വേദനനിമിത്തം അയ്യോ...!! എന്ന് അവൻ നിലവിളിച്ചു. അടുത്ത നിമിഷം അയ്യോ...!! എന്ന നിലവിളി ആവർത്തിക്കപ്പെട്ടപ്പോൾ അവന് അതിശയം തോന്നി. അടുത്ത മലയിലിരുന്ന് ആരോ തന്നെ കളിയാക്കുകയാണെന്ന് അവൻ കരുതി! അരിശം കയറിയ അവൻ, സർവ്വശക്തിയും ഉപയോഗിച്ച്, വിളിച്ചുചോദിച്ചു: ആരാണ് നീ.. അവൻ വായടച്ചില്ല, അതിനു മുമ്പുതന്നെ എത്തി മറുപടി: ആരാണ് നീ..!! അരിശം മൂത്ത് അവൻ അലറി: ചുണയുണ്ടെങ്കിൽ ഇറങ്ങിവാടാ.. ഉടൻതന്നെ ആ വെല്ലുവിളി അവനെതിരായി മുഴങ്ങി: ചുണയുണ്ടെങ്കിൽ ഇറങ്ങിവാടാ..


തന്റെ മകന്റെ പെരുമാറ്റം ശ്രദ്ധിച്ച പിതാവ് മകനോട് പറഞ്ഞു, നീ ശ്രദ്ധിച്ചോണം, ഇനിയും ഞാൻ സംസാരിക്കാം... ആ പിതാവ് ഉറക്കെ വിളിച്ചുപറഞ്ഞു: സ്നേഹിതാ താങ്കൾ ഒരു നല്ലമനുഷ്യാനാണല്ലോ..!! അല്പസമയത്തിനുള്ളിൽ മറുപടിയെത്തി: സ്നേഹിതാ താങ്കൾ ഒരു നല്ലമനുഷ്യാനാണല്ലോ..!! ആ മകന് ആശ്ചര്യം തോന്നി.. അല്പം മുമ്പെ, ആ മലയിലിരുന്ന് തന്നെ വെല്ലുവിളിച്ചവൻ.. എത്ര വേഗത്തിലാണ് സൗമ്യനായത്..!

ചിന്താക്കുഴപ്പത്തിലായ ആ മകനെ പിതാവ് കാര്യത്തിന്റെ പൊരുൾ മനസ്സിലാക്കി: മോനേ, ആളുകൾ ഈ പ്രതിഭാസത്തെ പ്രതിദ്ധ്വനി എന്നാണ് വിളിക്കുന്നത്.. വാസ്തവത്തിൽ ഇതാണ് നമ്മുടെ ജീവിതം. അനുദിന ജീവിതത്തിൽ നാം പറയുന്ന വാക്കുകളും, ചെയ്യുന്ന പ്രവർത്തികളുമാണ് നമ്മിലേക്ക് ജീവിതാനുഭവങ്ങളായി തിരികെയെത്തുന്നത്. അഥവാ, നമ്മുടെ ജീവിതം, നമ്മുടെ തന്നെ വാക്കുകളുടെയും പ്രവർത്തികളുടെയും പ്രതിഫലനമാണ്. ആ പിതാവ് തുടർന്നു: മറ്റുള്ളവരിൽ നിന്നും കൂടുതൽ സ്നേഹം ലഭിക്കണമെങ്കിൽ നാം ജീവിതത്തിന്റെ എല്ലാ തുറകളിലും സ്നേഹം പങ്കിടേണ്ടതാണ്. നമ്മുടെ സഹപ്രവർത്തകരിൽ നിന്നും കൂടുതൽ സഹകരണമാണ് നാം പ്രതീക്ഷിക്കുന്നതെങ്കിൽ നാം അവരുമായി സഹകരിക്കുവാൻ തയ്യാറാകണം.. ഈ നിയമം നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രാവർത്തികമാക്കിയാൽ ജീവിതം വളരെ സന്തോഷപ്രദമായിരിക്കും. സുഹൃത്തുക്കളെ, ആ പിതാവിന്റെ ആലോചന ശരിയല്ലേ? ചിന്തിച്ചുനോക്കൂ.. നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന കാര്യങ്ങൾ, നമ്മുടെ തന്നെ, ജീവിതത്തിന്റെ പ്രതിഫലനമല്ലേ?

ദൈവവചനും ഈ ആശയത്തെ ശരിവെക്കുന്നു. നീതികേടു വിതയ്ക്കുന്നവൻ ആപത്തു കൊയ്യും.. (സദൃശ. 22:8) അവർ കാറ്റു വിതച്ചു, ചുഴലിക്കാറ്റു കൊയ്യും (ഹോശെയ 8:7) വഞ്ചനപ്പെടാതിരിക്കുവിൻ; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതയ്ക്കുന്നതു തന്നേ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും; ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും. നന്മ ചെയ്യുകയിൽ നാം മടുത്തുപോകരുത്; തളർന്നുപോകാതിരുന്നാൽ തക്കസമയത്തു നാം കൊയ്യും. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്യുക. (ഗലാത്യർ 6 :7-10)

കർത്താവിന്റെ വാക്കുകളോടെ ഈ ചിന്ത അവസാനിപ്പിക്കാം: മനുഷ്യർ നിങ്ങൾക്കു ചെയ്യണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്യുവിൻ. (ലൂക്കോസ് 6:31)

സസ്നേഹം നിങ്ങളുടെ പോൾ അച്ചൻ



# Announcements

**നന്ദി നന്ദി നന്ദി**

**ഈ വർഷത്തെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ ലക്കം ചർച്ച് ബുള്ളറ്റിൻ** (2009 June) **വിശേഷൽ പതിപ്പായി പ്രസദ്ധീകരിക്കുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നതോടൊപ്പം ഇതിന്റെ വിജയത്തിനായി പരസ്യങ്ങൾ നൽകിയും പ്രാർത്ഥനാ പൂർവ്വമായ സഹകരണങ്ങൾ നൽകുകയും ചെയ്ത ഇടവകാംഗങ്ങളോടും അഭ്യുദയകാംക്ഷികളോടുമുള്ള നന്ദി രേഖപെടുത്തുന്നു.**

## മെഡിക്കൽ ക്യാമ്പ്

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2009 ജൂലായ് 17 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1 മണി വരെ നമ്മുടെ പള്ളിയിൽ വച്ച് അമേരിക്കൻ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. ഈ ക്യാമ്പിൽ വിവിധ വിഭാഗങ്ങളിലുള്ള പ്രശസ്ത ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഈ അവസരം പ്രയോജനപ്പെടുത്തുവാൻ എല്ലാവരേയും സാദരം ക്ഷണിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനുള്ള Application form പൂരിപ്പിച്ച് 15-07-2009 ന് മുമ്പായി യൂത്ത് അസ്സോസിയേഷൻ ഭാരവാഹികളെ ഏല്പിക്കേണ്ടതാണ്.
**വിശദ വിവരങ്ങൾക്ക് കോഡിനേറ്റർ ശ്രീ ബിനുമോൻ ജേക്കബ് (36998649)**

## Cottage Prayer Meeting

ഈ മാസത്തെ Cottage Prayer Meeting (ഭവന പ്രാർത്ഥനാ യോഗം) 2009 ജൂലായ് 24 വെള്ളിയാഴ്ച വൈകീട്ട് 7:30-ന് ശ്രീ P V ജേക്കബ്ബിന്റെ [Sunday school headmaster] വസതിയിൽ വച്ച് നടത്തപ്പെടുന്നു. വിശ്വാസികൾ ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു. Address Flat#:12, Road#: 3521, Bldg#: 770, Block#: 335, Area: Um Al Hassam, Opp: Asian School, Contact No: 39662908 & 17290303

## വേനൽക്കാല അവധിക്ലാസ്സ്

നമ്മുടെ ഇടവകയിൽ എല്ലാവർഷവും വിദ്യാർത്ഥികൾക്കായി നടത്തിവരാറുള്ള വേനൽക്കാല അവധി ക്ലാസ്സ് (summer vacation class) ഈ വർഷം 2009 ആഗസ്റ്റ് 1 മുതൽ 29 വരെ നടത്തപ്പെടുന്നു. Art & Craft, Drawing, Music, Magic, Painting, Malayalam Learning, First Aid, Embroidery, etc.... തുടങ്ങി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്ന ഈ ക്ലാസ്സിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ പള്ളി ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

അവിചാരിതമായ ചില സാങ്കേതിക കാരണങ്ങളാൽ ഈ ലക്കം ബുള്ളറ്റിനിൽ മലയാളം ബൈബിൾ ക്വിസ്സ്, & Bible Crossword English എന്നിവ പ്രസദ്ധീകരിക്കുവാൻ സാധിച്ചില്ല, കഴിഞ്ഞ ലക്കം ഉത്തരങ്ങളും, വിജയികളുടെ പേരു വിവരങ്ങളും അടുത്ത ലക്കം ബുള്ളറ്റിനിൽ പ്രസദ്ധീകരിക്കുന്നതായിരിക്കും.

## യാത്ര മംഗളങ്ങൾ......



ബഹറിനിലെ പ്രവാസ ജീവിതം അവസാനിപ്പിച്ച് ജന്മനാട്ടിലേക്ക് തിരിച്ചു പോകുന്ന നമ്മുടെ ആദ്യകാല ഇടവകാംഗം (1979–മുതൽ) ശ്രീ: ജോർജജ് വർഗീസ്സിന് എല്ലാവിധ യാത്രാ മംഗളങ്ങളും നേരുന്നു. അദ്ദേഹത്തിൻെറ ഭാവി ഉദ്യമങ്ങൾക്ക് എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു

## VBS–ന് വർണ്ണാഭമായ തുടക്കം

സണ്ടേസ്ക്കൂളിൻെറ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തിവരാറുള്ള **vacational bible scholl** 2009 ജൂലായ് 3 വെള്ളിയാഴ്ച വൈകീട്ട് 6:30–ന് സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ചു. 2009 ജൂലായ് 10 വെള്ളിയാഴ്ച വൈകീട്ട് VBS സമാപിക്കും.

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ 2–ാംവെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, മൂന്നും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ നാലാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

നമ്മുടെ ഇടവകാംഗം ശ്രീ അജി കെ ജോണിക്കും കുടുംബത്തിനും ഒരു പെൺകുഞ്ഞ് പിറന്നു (ഷിബാ). അഭിനന്ദനങ്ങൾ, ആശംസകൾ.



# കഷ്ടതയിൽ പതറാത്ത അമ്മയും, മകനും

മോർത്ത് യുലിത്തിയുടെ ജീവചരിത്രം തന്റെ മകനായ മോർ കുറിയാക്കോസ് സഹദായുടെ ചരിത്രത്തോട് ബന്ധമുള്ളതാണ്. ഏ.ഡി 300-നടുത്ത കാലഘട്ടത്തിൽ ദുഷ്ടനായ മാക്സിമോനോസ് ചക്രവർത്തി റോമാ സാമ്രാജ്യം അടക്കി ഭരിച്ചുകൊണ്ട് ക്രിസ്ത്യാനികളെ കഠിനമായി പീഢിപ്പിച്ചു. ധാരാളം ക്രിസ്ത്യാനികൾ ഈ കാലത്ത് രക്തസാക്ഷികളായി മഹത്വത്തിന്റെ കിരീടം പ്രാപിച്ചിരുന്നു. യൂലിത്തി ഇക്കനോർ പട്ടണത്തിൽ ജീവിച്ചിരുന്ന സത്യവിശ്വാസിനിയായ ഒരു ഭക്തസ്ത്രീ ആയിരുന്നു. അവൾ യേശുക്രിസ്തുവിനോടുള്ള സ്നേഹത്തിലും, വിശ്വാസത്തിലും സ്ഥിരപ്പെട്ടവളായിരുന്നതുകൊണ്ട് അനേകം ആളുകൾക്ക് മാതൃകയായിരുന്നു. ചക്രവർത്തിയുടെ ഭീഷണികളേയും ക്രൈസ്തവർ ഏൽക്കുന്ന പീഢകളേയും കുറിച്ചു കേട്ട അവൾ മറ്റു ആളുകളോടൊപ്പം കിലിക്യാ ദേശത്തിലെ തർസൂസിലേക്കു ഓടിപ്പോയി. എന്നാൽ നാടുവാഴിയായ അലക്സന്ത്രയോസ് യൂലിത്തി താമസിച്ചിരുന്ന പട്ടണത്തിൽ വന്ന് അവളെ പിടിച്ചുകെട്ടി ന്യായാധിപതിയുടെ അടുക്കൽ കൊണ്ടുവന്ന് അവൾക്കെതിരെ കുറ്റാരോപണങ്ങൾ നിരത്തി. ന്യായാധിപതി അവളെ തങ്ങളുടെ ദേവന്മാർക്ക് ബലി കഴിക്കുവാൻ നിർബന്ധിച്ചു. ദേവന്മാർക്ക് ബലി കഴിച്ചില്ലെങ്കിൽ ഞെരുക്കങ്ങളും അതിവേദനകളും സഹിക്കേണ്ടി വരും എന്ന ഭീഷണിയും നൽകി. യൂലിത്തിയുടെ മറുപടി ശ്രദ്ധേയമാണ്. ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. നിനക്കിഷ്ടമുണ്ടെങ്കിൽ തെരുവിലേക്ക് ആളയച്ച് മൂന്നു വയസു മാത്രം പ്രയമുള്ള ഒരു പൈതലിനെ അന്വേഷിക്കുക. പൈതൽ പറയുന്നവനെ നാം സേവിക്കണം. നിന്റെ ദേവന്മാരെയാകുന്നു സേവിക്കേണ്ടതെന്ന് അവൻ പറയുകയാണെങ്കിൽ നീയും നിന്റെ കുടുംബവും മുഴുവനും അവരെത്തന്നെ വന്ദിച്ചുകൊള്ളുക. എന്നാൽ ഞാനോ എന്റെ ദൈവമായ കർത്താവിനെ മാത്രമെ വന്ദിക്കുകയുള്ളു.

ഇതു കേട്ട ന്യയാധിപതി പൈതലിനെ അന്വേഷിക്കുവാൻ ഭടന്മാരെ അയച്ചു. അവർ കോട്ടക്ക് പുറത്ത് രഹസ്യമായി പണികഴിപ്പിച്ചിരുന്ന പത്രോസ് പൗലൊസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള പള്ളിക്കടുത്തുവച്ച് പൈതലിനെ കണ്ടെത്തി. അവിടെയുണ്ടായിരുന്ന ആളുകളിൽ നിന്നും പൈതൽ മൂന്നു വയസിനു മൂന്നു മാസം ഇളപ്പമുള്ളവനാകുന്നുവെന്നും, അവൻ യൂലിത്തിയുടെ മകൻ തന്നെയാകുന്നുവെന്നും അവർ മനസ്സിലാക്കി. കാഴ്ചയ്ക്ക് അതിസുന്ദനായിരുന്ന കുറിയാക്കോസ് എന്ന് പേരുള്ള മൂന്നു വയസ്സ് പൂർത്തിയാകാത്ത ഈ പൈതൽ ന്യായാധിപതിയുടെ മുമ്പാകെ വന്ന് ധൈര്യപൂർവ്വം നിന്നു. സുന്ദരനായ പൈതലിനോട് സ്നേഹം തോന്നിയ ന്യായാധിപതി. അവനെ പലവിധ പ്രലോഭനങ്ങളിലൂടെയും ദേവന്മാർക്ക് ബലികഴിക്കുവാൻ പ്രേരിപ്പിച്ചു. തനിക്കു പ്രായമാകുമ്പോൾ ധാരാളം പൊന്നും വെള്ളിയും നൽകി സാമ്രാജ്യത്തിൽ രാജാവ് കഴിഞ്ഞാൽ അടുത്ത സ്ഥാനത്തേക്ക് ഉയർത്താമെന്നുവരെ വാഗ്ദാനങ്ങൾ നൽകി. കുറിയാക്കോസിന്റെ മറുപടി വളരെ ശക്തമായിരുന്നു, ശക്തമേറിയ വചനത്താൽ ഞാൻ നിന്നോട് ഉത്തരം പറയുന്നു. സാത്താന്റെ ശുശ്രൂഷകനും വഞ്ചനയെ നിലനിർത്തുന്നവനുമെ നീ എന്നിൽ നിന്നും മാറിപ്പോകുക ദൈവത്തിന്റെ

നൽവരത്തെ നിൻെറ ദ്രവ്യം കൊണ്ട് വിലക്ക് വാങ്ങാമെന്ന് നീ വിചാരിച്ചതിനാൽ നിൻെറ പൊന്നും, വെള്ളിയും നിന്നോടുകൂടെ നാശത്തിനായി കാക്കപ്പെടട്ടെ.

കുറിയാക്കോസിൻെറ വാക്കുകേട്ട നാടുവാഴി വളരെ ക്രൂരഭാവത്തോടെ നോക്കികൊണ്ട് കഠിനമായി അടിപ്പാൻ ഏല്പിച്ചു. അടിയേറ്റുകൊണ്ട് പൈതലായ കൂറിയാക്കോസ് സ്വർഗ്ഗത്തക്കു കണ്ണുകൾ ഉയർത്തി പ്രാർത്ഥിച്ചു. കർത്താവെ എൻെറ പൂർണ്ണ ആത്മാവോടും ശരീരത്തോടും ബോധങ്ങളോടും ഹൃദയത്തിൻെറ രഹസ്യങ്ങളോടും ബോധകണ്ണുകളോടും ഞാൻ നിന്നെ സ്തോത്രം ചെയ്യുന്നു. എൻെറ രക്ഷിതാവും സങ്കേതസ്ഥനവുമായുള്ളോവെ നിനക്കു സ്തുതി. എന്തെന്നാൽ നീ മരണമില്ലാത്ത രാജാവാകുന്നു. വിശ്വാസികളെ കാത്തുകൊള്ളുന്നവനെ നിനക്ക് എന്നേക്കും സ്തുതി, ആമ്മീൻ. പൈതലിൻെറ പ്രാർത്ഥന കേട്ട ദൈവം അവനെ അടിച്ചവരുടെ ശക്തി ക്ഷയിപ്പിച്ചുകളയുകയും അവൻെറ മുറിവുകളേ മായിച്ചു കളയുകയും ചെയ്തു.

ഇതു കണ്ട നാടുവാഴി മറഞ്ഞിരുന്ന യൂലിത്തിയെ വിളിച്ചു. അവളുടെ മകൻ ദേവന്മാർക്ക് ബലി കഴിക്കുന്നതിന് സമ്മതിച്ചു എന്ന് കള്ളം പറഞ്ഞു. എൻെറ മകൻെറ വായിൽ നിന്നു തന്നെ അത് കേൾക്കേണം എന്ന് മറുപടി പറഞ്ഞ യുലിത്തി തൻെറ മകൻെറ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. ഇതു കണ്ട മകൻ അവളോട് പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് വിശുദ്ധ വസ്ത്രം ധരിപ്പിച്ച യേശുമിശിഹാ നമ്മുടെ സഹായകനാകയാൽ നീ ചഞ്ചലപെടരുത് എന്നു പറഞ്ഞു. ഇതിൽ കുപിതനായ നാടുവാഴി ഉപ്പും ഗന്ധകവും കൊണ്ടുവന്നു പൊടിച്ചു കാടിയിൽ കലർത്തി അവരുടെ മൂക്കിൽ ഒഴിപ്പിച്ചു. പീഢയും താഡനവും മൂലം സത്യദൈവത്തെ ഉപേക്ഷിക്കുകയില്ല എന്ന് അമ്മയും മകനും ഒരുമിച്ച് പ്രതിജ്ഞയെടുത്തു. അവരോടു തോറ്റവനായ നാടുവാഴി രണ്ടു പേർക്കുമായി ഏഴും, ഏഴും വീതം പതിനാലു കുഴലകൾ കൊണ്ടുവന്ന് തീപോലെ ചൂടുള്ള വെള്ളം അതിൽ നിറച്ച് രണ്ടെണ്ണം കണ്ണുകളിലും, രണ്ടെണ്ണം ചെവികളിലും, രണ്ടെണ്ണം മൂക്കിലും, ഒരെണ്ണം ചങ്കിലുമായി രണ്ടുപേരിലും വച്ചു. എന്നാൽ അവ അവരുടെ ശരീരത്തു സ്പർശിച്ചപ്പോൾ ദൈവാത്മ ശക്തി കൊണ്ട് തണുത്തുപോയി സകല ശ്രമങ്ങളിലും പരാജയപ്പെട്ട നാടുവാഴി വീണ്ടും പല മാർഗ്ഗങ്ങളിലൂടെ അവരെ വധിക്കുവാൻ ശ്രമിച്ചു. കാരാഗൃഹത്തിലടക്കുക, നാവ് അറുത്തെടുക്കുക ചമ്മട്ടി കൊണ്ട് മാന്തിക്കീറുക, ശരീരം മുഴുവൻ ആണി തറയ്ക്കുക അറക്കവാൾ കൊണ്ട് അറുക്കുക ഇങ്ങനെ പലതും ചെയ്തു നോക്കിയെങ്കിലും വിശുദ്ധരായ അമ്മയും മകനും രക്ഷപെടുകയും ഉപദ്രവിക്കാൻ വന്നവർ അതേ ഉപദ്രവങ്ങൾ ഏറ്റു മരിക്കുകയും ചെയ്തു. ഈ അത്ഭുതങ്ങളിൽ വിസ്മയം പൂണ്ട പടയാളികൾ, കാരാഗൃഹ വാസികൾ തുടങ്ങിയവർ ഉൾപ്പെടെ അനേകം ആളുകൾ ക്രിസ്ത്യാനികളായി മാറി ക്രിസ്തുവിനുവേണ്ടി പീഢയേൽക്കുവാൻ തയ്യാറായി.

നാടുവാഴിയുടെ കോപം വർദ്ധിച്ചു. ഒരു ചെമ്പു പാത്രം കൊണ്ടുവന്ന് അതിൽ ചെമ്പും, വെടിയുപ്പും, ഈയവും, ഗന്ധകവും അരക്കും, ഇരുമ്പും ഇട്ട് ഉരുക്കുവാൻ അദ്ദേഹം ഭടന്മാർക്ക് കല്പന കൊടുത്തു. ഉരുകി തിളക്കുന്ന ചെമ്പു പാത്രത്തിൽ ഇട്ട് കൊല്ലുന്നതിനു വേണ്ടി യൂലിത്തിയേയും കുറിയാക്കോസിനേയും കൊണ്ടുവന്നു. ചെമ്പു പാത്രത്തിലുള്ള അവരുടെ മരണം കാണുന്നതിന് ധാരാളം ആളുകളേയും

നാടുവാഴി ക്ഷണിച്ചു വരുത്തി. ഇതു കണ്ട യൂലിത്തിയുടെ മനസ്സിളകിയെങ്കിലും ശിശുവായ കൂറിയാക്കോസ് അവരെ ധൈര്യപ്പെടുത്തി. വിശ്വാസത്തിൽ ഉറപ്പിച്ചു. തുടർന്ന് സ്വർഗ്ഗത്തിലേക്കുനോക്കി ദൈവവുമായി പ്രാർത്ഥനാ സംസർഗ്ഗത്തിൽ ഏർപ്പെട്ട ശേഷം ചെമ്പു പാത്രത്തിൽ ഇറങ്ങി നിന്നു. പടയാളികൾ അവരുടെ രണ്ടുപേരുടേയും ശരീരഭാഗങ്ങൾ മുറിച്ചു കഷണങ്ങളാക്കി അതിൽ മുക്കി. അവരുടെ സ്പർശനത്താൽ ചെമ്പു പാത്രം വെള്ളം പോലെ തണുത്തു. കൂറിയാക്കോസിൻേറയും യൂലിത്തിയുടേയും മുറിവുകൾ ഇല്ലാതായി. ഇതു കണ്ട ജനം മുഴുവനും വിസ് മയിച്ചു. അപ്പോൾകുറിയാക്കോസ് പ്രാർത്ഥിക്കുകയും, ചെമ്പു പാത്രത്തിൽ നിന്നും വളരെ തണുപ്പുള്ള വെള്ളം കോരി അവിടെ കൂടിയിരുന്ന ജനങ്ങളുടെ മേൽ തളിക്കുകയും അത് അവർക്ക് നീതീകരണം ചെയ്യുന്ന മാമ്മോദീസായ്ക്കും പാപമോചനത്തിനും കാരണമാകുകയും ചെയ്തു. ചെമ്പുപാത്രത്തിൽ നിന്ന അഗ് നി പുറപ്പെട്ട് അവിടെ നിന്നിരുന്ന നാല്പതു പട്ടാളക്കാരെ ദഹിപ്പിച്ചു കളഞ്ഞു.

തങ്ങൾക്ക് ലഭിച്ച പീഡനങ്ങളിലുടേയും താഡനങ്ങളിലുടേയും അനേകായിരങ്ങൾ രക്ഷപെട്ട് ക്രിസ്തുവിനോട് ചേർന്നു എന്നു മനസ്സിലാക്കിയ കുറിയാക്കോസും, മാതാവ് യൂലിത്തിയും തങ്ങളെ ഏല്പിച്ച ജോലി പൂർത്തിയാക്കി എന്ന് ബോധ്യമായപ്പോൾ കിരീടം ധരിച്ചു കൊണ്ട് സർവ്വത്തിൻെറയും നാഥനായ കർത്താവിൻെറ അടുക്കലേക്ക് പോകുവാൻ ആഗ്രഹിച്ചു. തങ്ങളുടെ ഓർമ്മ കഴിക്കുകയും മദ്ധ്യസ്ഥത യാചിക്കുകയും ചെയ്യുന്നവരെ അനുഗ്രഹിക്കണമേ എന്ന പ്രാർത്ഥന ദൈവസന്നിധിയിൽ അർപ്പിച്ച അവർ വാളിനാൽ അറുക്കപ്പെട്ടു, മഹത്വത്തിൻെറ അവകാശികളായി മാറി. മോർ കൂറിയാക്കോസ് സഹദായുടേയും മാതാവായ മൊർത്ത് യൂലിത്തിയുടേയും ഓർമ്മ ജൂലായ് 15–ന് സുറിയാനി സഭ ആചരിക്കുന്നു.

## *I want to be with Jesus*

I want to be with Jesus Christ;
You are my life and you lay your soul for me.
It’s my ambition to be with you all my life;
You had done good things to me
I want to be with you my Jesus Christ
Because, you have laid your body for me and for the world.
I want to be with my life with you,
Because you saved my life you have done good things to me
CH: - so that shy I want to be with you because you save my life. (2)

Song by Ashly Saju

*St. Augustine on Love*

*What does love look like? It has the hands to help others. It has the feet tohasten to the poor and needy. It has eyes to see misery and want. It has theears to hear the sighs and sorrows of men. That is what love looks like.*

*St. Augustine*

ജോൺ ബനിയൻ, (കഴിഞ്ഞ ലക്കം തുടർച്ച)

എന്നാൽ അവളുടെ മാതാപിതാക്കൾ ഉത്തമരായ ക്രിസ്ത്യാനികളായിരുന്നതിനാൽ അവളും സൽസ്വഭാവത്തിൻെറ ഉടമയായിരുന്നു. സ്ത്രീധനമായി ജോണിന് ലഭിച്ചത് ഉത്കൃഷ്ടമായ രണ്ട് ക്രിസ്തീയ ഗ്രന്ഥങ്ങൾ മാത്രമായിരുന്നു. പിതാവിൻെറ മരണസമയത്ത് അദ്ദേഹം അവൾക്ക് സമ്മാനിച്ചതായിരുന്നു പ്രസ്തുത ഗ്രന്ഥങ്ങൾ. വളരെ ഉത്സാഹത്തോടു കൂടി ഈ ഗ്രന്ഥങ്ങൾ ഭർത്താവിനെ വായിച്ചു കേൾപ്പിക്കുവാനും സത്യത്തിൻെറ പാതയിലേക്കു നയിക്കുവാനും ആ സ്വാധി പരിശ്രമിച്ചു. പക്ഷെ കടുത്ത സാമ്പത്തിക ഞെരുക്കം പല തരത്തിലും ആ കുടുംബത്തിലും അപസ്വരങ്ങൾ സൃഷ്ടിച്ചുകൊണ്ടിരുന്നു.

എങ്കിലും രാത്രിയും പകലും ഒരുമിച്ചുള്ള പ്രാർത്ഥന മുടങ്ങാതിരിക്കുവാൻ അവർ വളരെ അധികം ശ്രമിച്ചിരുന്നു. ദിവസത്തിൽ രണ്ടു പ്രാവശ്യം ഇടവകപ്പള്ളിയിൽ പോയി പ്രാർത്ഥിക്കുവാനും പാട്ടു പാടുവാനും ജോണും ഭാര്യയും താൽപ്പര്യം കാണിച്ചിരുന്നു. നല്ല ആരോഗ്യവാനും വിദൂഷകനുമായിരുന്ന ജോൺ ബനിയന് മറ്റുള്ളവരെ വിമർശിക്കുന്നതിൽ പ്രത്യേക പ്രാവീണ്യം ഉണ്ടായിരുന്നു. ഇത് തൻെറ നേട്ടമായി അദ്ദേഹം കരുതി. പക്ഷെ ഈ സ്വഭാവം മൂലം മറ്റുള്ളവർ തന്നെ വെറുക്കുകയാണെന്ന് തിരിച്ചറിഞ്ഞതോടു കൂടി അദ്ദേഹത്തിന് തന്നോടുതന്നെ ലജ്ജ തോന്നി. ബൈബിൾ വായനയിലൂടെ അതിൽ നിന്ന് മോചനം പ്രാപിക്കുവാൻ അദ്ദേഹം ശ്രമിച്ചെങ്കിലും സാത്താൻ പലപ്പോഴും തടഞ്ഞുകൊണ്ടിരുന്നു ഒരു ഞായറാഴ്ച ആരാധനക്കു ശേഷം ഏതോ ഒരു തമാശക്കളിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കവേ ബനിയൻ ഒരു സ്വർഗ്ഗീയ ശബ്ദം ശ്രവിച്ചു: പാപം ഉപേക്ഷിച്ച് സ്വർഗ്ഗത്തിൽ പോകുവാനാണോ, അതോ പാപത്തിൽ തുടർന്ന് നരകത്തിൽ പോകുവാനാണോ നീ ആഗ്രഹിക്കുന്നത്? യേശു തൻെറ ഓരോ ചിന്തകളെയും ശ്രദ്ധിക്കുന്നതായി ബനിയൻ മനസ്സിലാക്കി.

പാപത്തിൽ ജീവിക്കുന്നവർക്കുള്ള കടുത്ത ശിക്ഷാവിധിയെക്കുറിച്ചുള്ള പ്രസംഗങ്ങളും അദ്ദേഹത്തെ പിടിച്ചു കുലുക്കി. പക്ഷെ അതൊന്നും ശരിയായ മാനസാന്തരത്തിലേക്ക് ബനിയനെ എത്തിച്ചില്ല. എന്നാൽ ഒരിക്കൽ ജോൺ കണ്ടു മുട്ടിയ മൂന്ന് വയോവൃദ്ധകളുടെ ആത്മീയ ജീവിതം ജോണിൻെറ അന്തർനേത്രം തുറപ്പിക്കുക തന്നെ ചെയ്തു. അവരനുഭവിക്കുന്ന ആത്മീയ സന്തോഷം വളരെ വിലപ്പെട്ടതായി ആ ചെറുപ്പക്കാരന് തോന്നി. താമസിയാതെ തന്നെ അവരുൾപെട്ടിരുന്ന ബഡ്ഫോർഡിലെ ബാപ്റ്റിസ്റ്റ് സഭാംഗമായി ജോണും മാറി. ആത്മീയനായ റവ. ഗിഫോർഡ് ആയിരുന്നു അവിടുത്തെ വൈദികൻ. മഹാപാപിക്കു ലഭിച്ച കൃപാസമൃദ്ധി എന്ന ഗ്രന്ഥം ആസമയത്ത് ബനിയൻ രചിച്ചതാണ്.

ക്രിസ്തീയ ജീവിതം ആത്മീയമായ സന്തോഷം അദ്ദേഹത്തിന് പ്രദാനം ചെയ്തിരുന്നെങ്കിലും സാമ്പത്തികമായും ആരോഗ്യപരമായും വളരെ പിൻപന്തിയിൽ തന്നെയായിരുന്നു ആ കുടുംബം. നാലഞ്ച് മക്കളെ ഭർത്താവിനെ ഏൽപിച്ചുകൊണ്ട് ഭാര്യ മരിച്ചു. ബനിയൻ ക്ഷയരോഗബാധിതനായി. ദാരിദ്ര്യവും നിരാശയും ആ കുടുംബത്തിൽ നൃത്തമാടി. ആത്മീയതയുടെ പാരമ്യത്തിലെത്തി ഈ ദുർദേവതകളെ ആട്ടിപ്പായിക്കുമെന്ന് ബനിയൻ തീരുമാനമെടുത്തു. ഭവനസന്ദർശനവും പ്രസംഗ യാത്രകളും ബനിയൻെറ ജീവിതചര്യകളായി മാറി.

(തുടരും.............)

## ഇടവക പെരുന്നാൾ കൊണ്ടാടി

നമ്മുടെ ഇടവകയുടെ കാവൽ പിതാവായ മോർ പത്രോസ് ശ്ലീഹായുടെ ഓർമ്മ പെരുന്നാൾ 2009 ജൂൺ 28–ാം തീയ്യതി ഞായറാഴ്ച പൂർവ്വാധികം ഭംഗിയായി വികാരി ഫാ: പോൾ മാത്യുവിൻെറ മുഖ്യ കാർമ്മികത്വത്തിൽ കൊണ്ടാടി. സന്ധ്യാ പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, തുടർന്ന് പള്ളിക്കു ചുറ്റും പ്രദക്ഷിണം ആശീർവാദം, നേർച്ച സദ്യ എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

## പെരുന്നാളിൻെറ വിവിധ ദൃശ്യങ്ങൾ



































## ഈ വർഷത്തെ മോർ പത്രോസ് ശ്ലീഹായുടെ ഓർമ്മ പെരുന്നാൾ ഏറ്റുകഴിച്ചവർ

1 A Believer
2 Abjil Polson Pyndath
3 Abraham K K & Family
4 Aby Paul
5 Achamma Elias
6 Aghil Ligy
7 Agith P. Y & Family
8 Aibel Varghese
9 Aji K Johny & Family
10 Ajith Kuriakose
11 Alex John & Family
12 Alias K Jacob & Family
13 Angel Eldho
14 Angel Elias
15 Anish Issac Jacob
16 Arjun Varghese
17 Baby K P & Family
18 Baby Paul & Family
19 Benny A Thomas & Ajay K Alex
20 Benny T Jacob & Family
21 Benyamin Samuel Mathew
22 Bethel Ben Mathew
23 Biju John
24 Binu & Sissy
25 Binumon Jacob & Family
26 Cheriyan P M & Family
27 Daniel Samkutty & Family
28 Dolly George & Family
29 Eby Jacob & Family
30 Eldho K K & Family
31 Elias M Thomas & Family
32 Elson Paul & Family
33 Ethel & Angel Ann Joshua
34 Fincy & Binoy
35 George C C & Family
36 George Kuriakose & Family
37 Geroge K Lagi & Sarah Lagi
38 Gijo Jacob
39 Hanna & Heva
40 Ivan Basil Paul
41 Jacob T V & Family
42 Jasmine Varghese
43 Jayan Poulose & Family
44 Jeol Sabu
45 Jobi Paul & Family
46 John
47 Mahal Mani Ulahannan
48 Mathew
49 Mathew Varkey & Family
50 Mathukutty & Family
51 Millennium Contracting
52 Ninan Varkey
53 Poulose M K
54 Poulose N V & Family
55 Prasanth & Jishanth Abraham
56 Prince P Thomas & Family
57 Raju K Varghese & Family
58 Raju P Kurian
59 Reji Geroge & Family
60 Remil Nelson & Neethu
61 Roy Mathai & Family
62 Saji Mathai & Family
63 Saju M K & Family
64 Santhosh Andrews Issac
65 Shaj Babu & Family
66 Shine Sunny
67 Sini Jijo Mathew
68 Sinila Vinoy
69 Sonia Jacob
70 Sony Abraham
71 Sunil C P & Family
72 Sunil Chackochan & Family
73 Sunny M Mathew
74 Susan
75 Susannamma
76 Thomas Abraham
77 Varghese C T & Family
78 Varghese K M & Family
79 Varghese Kutty Scaria
80 Varghese Mathew

## God is Able

God is able to give peace- john 14:27

God is able to save - James 4:12

God is able to answer prayer - Ephesians 3:20-21

Gods is able to save from the furnace heat - Daniel 3:13-18.

God is able to save from the lion>s mouth - Daniel 6: 18-24.

God is able to save from all uncleanness - Ezekiel 36:29.

God is able to help us through his word - acts 20:32

God is able to save from our sins - Matthew 1:21.

God is able to make us stand - Romans 14:4.

God is able to build us up - acts 20:32.

God is able to keep us from evil - 2 Thessalonians 3:3.

God is able to keep us from falling - Jude 24.

God is able to present us faultless - Jude 24.

God is able to keep that which we commit to him -2 Timothy 1: 12.

God is able to perform his promises - Romans 4:21.

God is able to do more than we ask - Ephesians 3:20.

God is able to make all grace abound - 2 Corinthians 9:8.

God is able to subdue all things to himself - Philippians 3:21.

God is god is able to raise us from the dead - Hebrews 11: 19.

God is able to succour the tempted - Hebrews 2: 18

God is able to save from death - Hebrews 7:25.

God is able to heal our diseases- Matthew 9:27, 28

Gods is able to supply our needs- 2 Corinthians 9:8.

God is able to destroy both body and soul in hell. Matthew 10:28

God is able to make every impossible as possible. Luke 1:37.


God is able to strengthen when we are weak. Joel 3:10, Hebrews 4:16

God is able to deliver us from enemies. I Samuel 14:6, 1 Samuel 17:47

“Collected by:  SAI Manarcad”

# CHARITY AUCTION 2009















# CHARITY AUCTION 2009








# NEW FACES TO OUR PARISH



Ajai K Alex [A-045]
Address in India
Kollethu House, Mulakkulam (S) P O, Kottayam-686610
Tel: +91-4829251631
Home Parish: St: Mary's Church Mulakulam South
Diocese: Kandandu
Address in Bahrain
Building#: 0041m, Road#: Avenue15, Block#: 0713, Area: Tubli
Tel: 36385827



Aby Paul [A-046]
Address in India
Nelikkal House, Alattuchira P O, Perumbavoor-683544,
Ernakulam [Dist]
Home Parish: St: Mary's J S O Church, Alatuchira
Diocese: Angamaly
Address in Bahrain
Kooheji Engineering Consultancy
P O Box: 26168, Adliya, Bahrain
Tel: 38352530



Biju Varghese [B084]
Address In India
Vadakkeparambil House, Anjilithanam P O, Thiruvalla, Pathanamthitta
Tel: +91-469-2692101
Home Parish: St Marys J S O Church, Anjilithanam
Dioces: Niranam
Address In Bahrain
Delmon Precast, Post Box: 936, Manama, Bahrain
Tel: 17783838



Benny A Thomas [B-085]
Address in India
Amikarayil House, Piravom P O, Ernakulam [Dist]
Tel: +91-485-2241812
Home Parish: St Marys Valiya Palli, Piravom
Dioces: Kandanadu
Address in Bahrain
Building 41m, Road No: Avenue 15, Block No: 713, Area: Tubli
Tel: 36203242



Prakash Mathews [P-024]
Address in India
Thazhath House, Kuttoor P O, Thiruvalla, Kerala
Tel: +91-4692630382
Home Parish: St: Thomas, Valliapally, Ranni
Dioces: Knanaya
Address in Bahrain, Prisma Paints
P O Box: 20392, Sitra, Bahrain
Tel: 39926209, 17731028



Dr. Saji C Abraham [S-098]
Address in India
Chirathalatty Gardens, Ithithanam P O, Changanachery, Kottayam-686535, Tel: +91-481-2430741
Home Parish: St: Mary's J S Church, M M D M Patriarchal Center
Dioces: Kottayam
Address in Bahrain, Al Bayan Dental Specialist Centre
Opp: Isa Town Girls Sec School
Quds Avenue, P O Box: 32492, Bahrain
Tel: 39755217, 17625333, 13615757

## 25th Wedding Anniversary



Mr V V Varghese & Ms Valsa Varghese

# Thanks Giving For Favors Received



**Jai Mol Saji**

*$4^{th}$ Happy Birth Day On 26th July*




*IRENE ANN THOMAS*

*$3^{rd}$ Happy Birth Day On 08th July*




*AARON DOLLY*



**Youth Association of St. Peter's JSO Church**

FREE MEDICAL CAMP ON 17.07.2009

**Reg. No.** ______

**REGISTRATION FORM**

Name : ____________________

CPR No. : __________ TEL No. : __________ Sex : M ☐ F ☐

Address : __________ Nationality : __________

__________

Blood Group : __________

__________

Refer to : General Physician ☐ Gynic ☐ Pediatric ☐ Others

**MEDICAL TEAM** : **American Mission Hospital**

(Time: 9.45 AM to 1: 00 PM)